സൗജന്യ കാൻസർ പദ്ധതി

26(724) ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഇന്നസെന്റ് :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൗജന്യ കാൻസർ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തൊക്കെ ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കാൻസർ ചികിത്സ പൂർണ്ണമായും സൗജന്യമാക്കിയിട്ടില്ല. എന്നാൽ സംസ്ഥാന സർക്കാരിന്റെ സുകൃതം പദ്ധതി പ്രകാരം കേരളത്തിലെ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട കാൻസർ രോഗികൾക്ക് മൂന്ന് ലക്ഷം രൂപവരെയുള്ള എല്ലാ പരിശോധനകളും ചികിത്സകളും സൗജന്യമായി നൽകിവരുന്നു. കൂടാതെ കാൻസർ സുരക്ഷാ പദ്ധതി പ്രകാരം പതിനെട്ട് വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് ആർ.സി.സി.-യിലും തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികളിലും സൗജന്യ ചികിത്സ ലഭ്യമാണ്. കാരുണ്യ ബെനവലന്റ് ഫണ്ട് പ്രകാരം മൂന്ന് വർഷത്തിൽത്താഴെ വാർഷിക വരുമാനമുള്ളവർക്ക് രണ്ട് ലക്ഷം രൂപവരെ സൗജന്യ ചികിത്സ, പിങ്ക് കാർഡ് വിഭാഗത്തിൽപ്പെട്ടവർക്ക് പൂർണ്ണമായും സൗജന്യ ചികിത്സ, സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പ്രകാരം വിസ് പ്ലസ് കാർഡുള്ളവർക്ക് 70,000 രൂപവരെയുള്ള സൗജന്യ ചികിത്സ, കേന്ദ്രസർക്കാർ പദ്ധതിയായ രാഷ്ട്രീയ ആരോഗ്യ നിധി പ്രകാരം നഗര-ഗ്രാമ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ രണ്ട് ലക്ഷം രൂപവരെയും ചികിത്സാ ആനുകൂല്യം ലഭ്യമാണ്.

(ബി) ദാരിദ്ര്യരേഖയ്ക്ക് താഴെ വരുന്ന എല്ലാ ജനങ്ങൾക്കും കാൻസർ ചികിത്സ സൗജന്യമാക്കുന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ, അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി എന്നീ സ്ഥാപനങ്ങളിലാണ് ആദ്യഘട്ടത്തിൽ ഈ പദ്ധതി ലഭ്യമായിട്ടുള്ളത്. ആർ.എസ്.ബി.വൈ./കാരുണ്യ/താലോലം തുടങ്ങിയ പദ്ധതികൾ പ്രയോജനപ്പെടുത്തിയശേഷമേ സുകൃതം ഫണ്ട് ഉപയോഗപ്പെടുത്തുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

(സി) സുകൃതം പദ്ധതി നടപ്പാക്കുന്നതിലേക്കായി കേരള കാൻസർ കെയർ സൊസൈറ്റി രജിസ്റ്റർ ചെയ്യുകയും ഇതിന്റെ ധനസമാഹരണത്തിനാം വിനിയോഗത്തിനും പ്രത്യേകം ബാങ്ക് അക്കൗണ്ട് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്ന ആശുപത്രികളിൽ നോഡൽ ഓഫീസർമാരെ പ്രത്യേകം നിയമിക്കുകയും (പി.ആർ.ഒ.) ഇതിന്റെ മേൽനോട്ട ചുമതല ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് എല്ലാ സ്ഥാപനങ്ങൾക്കും കോർപ്പസ് ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ഹോമിയോ ഡിസ്പെൻസറി അനുവദിക്കുന്നത്

27(725) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട ഗ്രാമ പഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതത് അനുവദിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

റാന്നി താലൂക്കാശുപത്രി

28(726) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി. ടി .എച്ച് കു.-വിൽ നിലവിൽ അനുവദിച്ചിട്ടുള്ള തസ്തികകൾ ഏതൊക്കെ; ഏതൊക്കെ തസ്തികകളിലാണ് ഇപ്പോൾ ആളില്ലാതെ ഉള്ളത്;

(ബി) വർക്കിംഗ് അറേഞ്ച്മെന്റിൽ ആരൊക്കെ ഏതൊക്കെ തസ്തികകളിൽ ഇവിടെ ജോലി ചെയ്യുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) ടി.എച്ച്.കു. ആശുപത്രിയുടെ നിലവാരത്തിൽ പ്രവർത്തിക്കുന്ന ഒരാശുപത്രിയിൽ വേണ്ട തസ്തികകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ഡി) ശബരിമലയുടെ താലൂക്കാശുപത്രിയായ റാന്നിയിൽ ഇനിയും ടി.എച്ച്.കു. നിലവാരത്തിനുള്ള തസ്തികകൾ പൂർണ്ണമായി അനുവദിച്ചിട്ടില്ല എന്നുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly